# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>വാർഷിക പദ്ധതികൾ</u>

3453 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) അടുത്ത വർഷത്തെ പദ്ധതി രൂപീകരണം ഈ മാർച്ചിൽ തന്നെ പൂർത്തിയാക്കുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതിവിഹിതം</u>

3454 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉല്പാദനമേഖല സേവന മേഖല പശ്ചാത്തല മേഖ എന്നിവയ്ക്ക് യഥാക്രമം എത്ര തുക വീതവും, എത്ര ശതമാനം വീതവും ആയിരുന്നു ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നു; ഇത് ഉല്പാദനമേഖല, സേവന മേഖല, പശ്ചാത്തല മേഖല തിരിച്ച് ആകെ തുകയും ശതമാനക്കണക്കും ലഭ്യമാക്കുമോ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയാണ്; ഇതിൽ ഉല്പാദനമേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, സേവന മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, പശ്ചാത്തല മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം അനുവദിച്ചുവെന്നും നാളിതുവരെ ഓരോ മേഖലയിലും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി

3455 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതി ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന 2 ലക്ഷം രൂപയുടെ ഭവനനിർമ്മാണ പദ്ധതിയുടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളിലൂടെ നടപ്പിലാക്കിയിരുന്ന മറ്റ് ഭവനനിർമ്മാണ പദ്ധതിയിലേതുപോലെ ഈ പദ്ധതിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കാൻ നടപടികൾ സ്വീകരി ക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അടുത്ത വർഷത്തെ പദ്ധതി രൂപീകരണം

3456 ശ്രീ. എളമരം കരീം
'' പി. ശ്രീരാമകൃഷ്ണൻ
'' എം. ഹംസ
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അടുത്ത വർഷത്തെ പദ്ധതി രൂപീകരണം ഈ വർഷം മാർച്ചിൽ തന്നെ പൂർത്തിയാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നടപ്പ് വർഷത്തെ പദ്ധതികളുടെ നടത്തിപ്പ് ഇതുവരെ തദ്ദേശ സ്ഥാപനങ്ങൾ ആരംഭിച്ചില്ലെന്നിരിക്കെ, ധൃതിപിടിച്ച് അടുത്ത പദ്ധതി തയ്യാറാക്കാൻ തീരുമാനം എടുക്കാൻ കാരണമെന്താണ്;

(സി) ഈ തീരുമാനം നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണത്തെ എത്രത്തോളം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) നടപ്പ് പദ്ധതികൾ നിർവ്വഹിക്കുന്നതിനിടയിൽ അടുത്ത വർഷത്തെ പദ്ധതി രൂപീകരണം ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി അംഗീകരിക്കാനുള്ള പൂര്‍ണ്ണ അധികാരം ജനപ്രതിനിധികള്‍ക്ക്</u>

3457 ശ്രീ. ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി അംഗീകരിക്കാനുള്ള പൂര്‍ണ്ണ അധികാരം ജനപ്രതിനിധികള്‍ക്ക് നല്‍കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പദ്ധതികളുടെ നിര്‍മ്മാണത്തില്‍ ഈ സംവിധാനം എത്രമാത്രം വിജയവും പ്രയോജനകരവും ആകുമെന്നാണ് കുരുതുന്നത്; വിശദമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ പദ്ധതികൾ ഓൺലൈനിൽ സമർപ്പിക്കുന്ന സംവിധാനം</u>

3458 ശ്രീ. എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പദ്ധതികൾ ഓൺലൈനിൽ സമർപ്പിക്കുന്ന സംവിധാനത്തിന് രൂപ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വോട്ടിംഗ് അവകാശം</u>

3459 ശ്രീ. കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വോട്ടിംഗ് സൗകര്യ അവകാശം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവർക്ക് ഇന്റർനെറ്റ് വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച സൗകര്യം ഏർപ്പെടുത്തുന്നതിന് ഏതെല്ലാം ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) അടുത്ത തദ്ദേശഭരണ തെരഞ്ഞെടുപ്പിന് മുൻപ് ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയയും മറ്റു കാര്യങ്ങളും പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകൾ</u>

3460 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-'13 ലെ പദ്ധതി വിഹിതത്തിൽ ജനുവരി 31 വരെ ത്രിതല പഞ്ചായത്തുകൾ എത്ര ശതമാനം തുക ചെലവഴിച്ചു; മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ, കാരണം വിശദമാക്കാമോ; ഈ കാലയളവിൽ എസ്.സി ഫണ്ട് തുക എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; മുൻവർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുണ്ടോ; കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ഇൻഫർമേഷൻ കേരള മിഷൻ

3461 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഇന്നത്തെ ഘടനയിൽ, എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് നിരോധനം</u>

3462 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്;

(ബി) നിരോധിത അളവിനും താഴെയുള്ള പ്ലാസ്റ്റിക്ക് കാരിബാഗുകൾ സംസ്ഥാനത്ത് നിർബാധം ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഉത്പാദനവും വിതരണവും നിറുത്തുന്നതിന് കൈക്കൊണ്ട നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ മാത്രമേ വിപണി വഴി വിതരണത്തിന് എത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്ലാസ്റ്റിക്കിന്റെ പുനർ ഉപയോഗം സാധ്യമാക്കുന്ന എത്ര കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു; അവയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഇ-വേസ്റ്റ് നിർമ്മാർജ്ജനം</u>

O3463 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-വേസ്റ്റ് നിർമ്മാർജ്ജനകാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇ-വേസ്റ്റിന്റെ വർദ്ധനവ് കണക്കിലെടുത്ത് അതിന്റെ നിർമ്മാർജ്ജനം, റീസൈക്ലിംഗ് എന്നിവയ്ക്ക് മുൻകൂട്ടി നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ഇ-വേയ്സ്റ്റുകൾ</u>

3464 ശ്രീ. പാലോട് രവി
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേയ്സ്റ്റുകൾ അത്യന്തം അപകടകരമായ തോതിൽ വർദ്ധിക്കുന്നതായും അവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇവ ഒഴിവാക്കുവാനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഇ-വേയ്സ്റ്റുകൾ ശേഖരിക്കുന്ന കടകൾക്കും അവ റിപ്പയർ ചെയ്യുന്ന സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇവ കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കോൺക്രീറ്റു വേസ്റ്റുകളുടെ സംസ്കരണം</u>

3465 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോൺക്രീറ്റ് വേസ്റ്റുകൾ സംസ്കരിക്കുന്നതിന് നിലവിൽ ഏതൊക്കെ രീതികളാണ് ഉപയോഗിക്കുന്നത്;

(ബി) കോൺക്രീറ്റ് വേസ്റ്റുകൾ സംസ്കരിക്കുന്നതിനായി കേരളത്തിന് അനുയോജ്യമായ രീതി ഏതാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ജില്ലാ പഞ്ചായത്ത് – പഞ്ചായത്ത് റോഡുകൾ

3466 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള റോഡുകൾ ഏതെല്ലാമെന്നും പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകൾ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ലൈബ്രറി സെസ്</u>

T3467 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈബ്രറി സെസ് ഇനത്തിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന പ്രോപ്പർട്ടി ടാക്സിന്റെ എത്ര ശതമാനമാണ് ലൈബ്രറി സെസ്;

(ബി) പിരിച്ചെടുത്ത തുകയിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ലൈബ്രറി കൗൺസിലിന് കൈമാറി; വിശദാംശം ലഭ്യമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും ലൈബ്രറി കൗൺസിലിന് കൈമാറാത്തത് എന്തുകൊണ്ടാണ്;

(ഡി) ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക ലൈബ്രറി കൗൺസിലിന് കൈമാറുന്നതിൽ കുറവ് വരുത്താൻ ആലോചിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച ശുപാർശ സാംസ്കാരിക നയം രൂപീകരിക്കാൻ രൂപീകരിച്ച സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശയോട് യോജിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റുകൾക്ക്
വിനോദനികുതി ഇളവ്</u>

3468 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സെവൻസ് ഫുട്ബോൾ ടൂർണമെന്റുകൾക്ക് വിനോദനികുതി ഇളവ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ, ഏതെങ്കിലും ടൂർണ്ണമെന്റുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനമില്ലാതെ വിനോദനികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ, ആ ഗ്രാമപഞ്ചായത്തുകളുടെ പേരും ടൂർണ്ണമെന്റുകളുടെ പേരും വ്യക്തമാക്കുമോ;

(ഡി) വിനോദ നികുതി ഇളവ് നൽകിയ ഇത്തരം സെവൻസ് ഫുട്ബാൾ ടൂർണമെന്റുകൾ, ടിക്കറ്റ് വഴി എത്ര തുക പിരിച്ച് എടുക്കുന്നുവെന്നും അവ എങ്ങിനെ വിനിയോഗിക്കുന്നുവെന്നും പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

പരസ്യനികുതി ഇനത്തിൽ ലഭിച്ച തുക

3469 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യനികുതി ഇനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ പരസ്യനികുതിയിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വിശദമാക്കുമോ;

(സി) 1994–ലെ കേരള പഞ്ചായത്തീരാജ് ആക്ടിലെ 209 (സി) വകുപ്പുപ്രകാരം പഞ്ചായത്തുകൾക്ക് പരസ്യനികുതി ഈടാക്കാൻ അധികാരം നൽകിയിട്ടും ഫലപ്രദമായി പരസ്യനികുതി ഈടാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം പഞ്ചായത്തുകളുടെ വരുമാനം കുറയുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ടെക്നോളജി റിസോഴ്സ് സെന്ററുകൾ</u>

3470 ശ്രീ. സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ടെക്നോളജി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്രയെണ്ണം;

(ബി) ഈ സെന്ററുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സെന്ററുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വ്യക്തിഗത ഗുണഭോക്താക്കളുടെ വരുമാനം</u>

3471 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്താക്കളുടെ വരുമാനം നിർണ്ണയിക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദീകരിക്കാമോ;

(ബി) പട്ടികജാതിക്കാരുൾപ്പെടെയുള്ള ദുർബലവിഭാഗക്കാർക്ക് കക്കൂസ് അനുവദിക്കുന്നതിന്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ;

(സി) ഇത്തരം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ നിന്നും ആവശ്യപ്പെടുന്നതിനുള്ള ചുമതല ആർക്കാണ്?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>ജില്ലാ – ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവര്‍ത്തനം</u>

3472 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ജില്ലാ – ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രവര്‍ത്തനങ്ങള്‍, നിര്‍മ്മിതി കേന്ദ്രങ്ങള്‍ വഴി നടത്തരുതെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) ഈ ഉത്തരവ് നടപ്പിലാക്കുമ്പോള്‍ പദ്ധതി നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ക്ക് തടസ്സം ഉണ്ടാകുന്നതായി മനസ്സിലാക്കുന്നുണ്ടോ; എങ്കില്‍, എത്ര രൂപയുടെ പദ്ധതി തടസ്സപ്പെടും അല്ലെങ്കില്‍ കാലതാമസം സംഭവിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഉത്തരവ് പിന്‍വലിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി സംരക്ഷണത്തിനായുള്ള പഞ്ചായത്തിന്റെ പദ്ധതികൾ</u>

3473

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ പരിസ്ഥിതി സംരക്ഷണത്തിനായി, എത്ര തുക വീതമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ, എത്ര ശതമാനം തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തും മുൻ വർഷത്തിൽ നിന്നും എത്ര ശതമാനം തുകയാണ് പരിസ്ഥിതി സംബന്ധമായ പദ്ധതികൾക്ക് ഈ വർഷം വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകൾ പരിസ്ഥിതി സംബന്ധമായ പദ്ധതികൾ നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ സഹകരിപ്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ, ഓരോ പഞ്ചായത്തും ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്</u>

3474 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) രജിസ്റ്റർ തയ്യാറാക്കാത്ത പഞ്ചായത്തുകളിൽ സമയബന്ധിതമായി ഇവ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതികൾ

3475 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും തങ്ങളുടെ 2012–2013 ലെ പദ്ധതികൾ ഏത് മാസമാണ് ഡി.പി.സികൾക്ക് സമർപ്പിച്ചതെന്നും ആയതിന് ഏതുമാസം അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾ പദ്ധതികൾ സമർപ്പിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിനുകാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യസമയത്തുതന്നെ പഞ്ചായത്തുകളിൽ ലഭ്യമാക്കിയിരുന്നോ;

(ഡി) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തും ഇതുവരെ എത്ര ശതമാനം തുക വീതമാണ് ചെലവഴിച്ചതെന്നും, പദ്ധതികളിൽ ഉൾപ്പെടുത്തിയ മുഴുവൻ തുകയും കൃത്യ സമയത്തുതന്നെ ചെലവഴിച്ചു തീർക്കാനാകുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ചിറക്കര ഗ്രാമപഞ്ചായത്തിൽ പശ്ചാത്തല വികസന പദ്ധതി</u>

3476 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്കിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ വില്ലേജ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയുള്ള പശ്ചാത്തല വികസന പദ്ധതി ഗ്രാമ പഞ്ചായത്ത് സർക്കാരിലേയ്ക്ക് നൽകിയിരുന്നുവോ; എങ്കിൽ, ആയത് എന്നാണ് നൽകിയതെന്നും നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ചിറക്കര ഗ്രാമ പഞ്ചായത്ത് നൽകിയിരുന്ന പദ്ധതി നിർദ്ദേശത്തിന്മേൽ എത്രയുംപെട്ടെന്ന് നടപടി പൂർത്തീകരിച്ച് പദ്ധതി പ്രാവർത്തികമാക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാമിഷന്റെ പ്രവര്‍ത്തനം</u>

3477 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഭരണപരവും നേതൃപരവുമായ പരിചയമില്ലായ്മ മിഷന്റെ ജീവകാരുണ്യ പ്രവര്‍ത്തനങ്ങളെയെല്ലാം അട്ടിമറിക്കുന്നതായി ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടര്‍ പദവിയില്‍, പേരെടുത്ത സാമൂഹിക ശാസ്ത്രജ്ഞനോ, ഐ.എ.എസ്. ഉദ്യോഗസ്ഥനോ ആയിരിക്കണമെന്ന് നിയമാവലിയില്‍ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍, ഇപ്പോള്‍ നിയമിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടര്‍ക്ക് പ്രസ്തുത നിയമാവലിയിലെ യോഗ്യതയുണ്ടോയെന്ന് വിശദമാക്കുമോ;

(സി) 2012 ഫെബ്രുവരി മുതല്‍ ഡിസംബര്‍ 31 വരെ 259 ദിവസങ്ങളില്‍ ഇപ്രകാരം നിയോഗിച്ച എക്സിക്യൂട്ടീവ് ഡയറക്ടര്‍ എത്ര ദിവസം മിഷന്റെ ഓഫീസില്‍ ഹാജരായി; ഇപ്രകാരം ഹാജരാകുന്നതില്‍ വീഴ്ചവരാന്‍ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവകാരുണ്യ പ്രവര്‍ത്തനങ്ങള്‍ക്കും മാരകരോഗബാധിതരായ കുട്ടികള്‍, ശയ്യാവലംബരായവര്‍, വൃദ്ധര്‍, നിരാലംബരായ സ്ത്രീകള്‍ എന്നിവരുടെ ക്ഷേമത്തിനും കഴിഞ്ഞ സര്‍ക്കാര്‍ രൂപീകരിച്ച് മാതൃകാപരമായി പ്രവര്‍ത്തിച്ചിരുന്ന സാമൂഹ്യസുരക്ഷാമിഷനെ പൂര്‍വ്വാധികം ഭംഗിയായി നടത്താന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കാരക്കാട് ശ്മശാനനവീകരണം</u>

3478

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ളേ്യരി ഗ്രാമപഞ്ചായത്ത് കാരക്കാട് ശ്മശാന നവീകരണത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട നിവേദനത്തിന്മേൽ (ഫയൽ നമ്പർ.160/VIP/2012/M(P&SW)dt.28.02.2012) കൈക്കൊണ്ട തുടർനടപടികൾ അറിയിക്കാമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണത്തിന് സഹായിക്കുന്ന അംഗങ്ങൾ</u>

3479 ശ്രീ. ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യം ശേഖരിച്ച് സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകരായ വനിതകൾക്ക് മറ്റ് ജോലികൾ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി, എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>'ഊർജ്ജശ്രീ' പദ്ധതി</u>

3480 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ വഴി നടപ്പാക്കുന്ന 'ഊർജ്ജശ്രീ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജോപാധികൾ സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുതപദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണു പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി, എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കുടുംബശ്രീ പ്രവർത്തകർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം</u>

3481 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പരിശീലനം നേടിയ 10 കുടുംബശ്രീ പ്രവർത്തകർക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ, തനതു ഫണ്ടിൽ നിന്നും വേതനം നല്കുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ അക്കൗണ്ടന്റുമാരെ പിരിച്ചുവിടുന്ന നടപടി</u>

3482 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ അഞ്ച് വർഷമായി കുടുംബശ്രീ അക്കൗണ്ടന്റുമാരായി പ്രവർത്തിച്ചുവരുന്ന ജീവനക്കാരെ പിരിച്ചുവിടുന്നതിനുളള നിർദ്ദേശം നല്കിയിട്ടുണ്ടോ;

(ബി) എന്തു കാരണത്താലാണ് പ്രസ്തുത ജീവനക്കാരെ പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതുതായി നിയമനം നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതുതായി നിയമനം നടത്തുകയാണെങ്കിൽ മുൻപ് പ്രവർത്തിച്ചിരുന്നവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്ക് ചികിൽസാസഹായം</u>

3483 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് ചികിൽസാസഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദവിവരം ലഭ്യമാക്കുമോ;

(ബി) കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ</u>

3484 ശ്രീ. കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രവർത്തകർക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ സ്ളോട്ടർ ഹൗസ്</u>

3485 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ സ്ളോട്ടർ ഹൗസ്, മാർക്കറ്റ്, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി കയ്യേറി കെട്ടിട നിർമ്മാണം</u>

3486 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി സ്റ്റേറ്റ് ഹൈവയുടെ ഇരുവശങ്ങളിലുമായി സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളുള്ളതായി തദ്ദേശസ്വയംഭരണ വുകപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേരാമ്പ്ര ടൗണിൽ പ്രസ്തുത റോഡിന്റെ വശങ്ങളിൽ സർക്കാർ ഭൂമി കയ്യേറി സ്വകാര്യ വ്യക്തികൾ കെട്ടിടങ്ങൾ നിർമ്മിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയത് എപ്പോഴാണ്;

(ഡി) കെട്ടിടനിയന്ത്രണ നിയമം നടപ്പിലാക്കിയതിനു ശേഷം പേരാമ്പ്ര ടൗണിൽ സ്റ്റേറ്റ് ഹൈവേയുടെ വശങ്ങളിൽ സർക്കാർ ഭൂമിയിൽ എത്ര കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) കെട്ടിടനിർമ്മാണ ചട്ടം പരിഗണിക്കാതെ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ പേരുകൾ വ്യക്തമാക്കുമോ;

(എഫ്) അനധികൃത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കൂത്താട്ടുകുളം മാർ ഗ്രിഗോറിയസ് ചർച്ചിന്
പത്ത് സെന്റ് സ്ഥലം</u>

3487 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം മാർ ഗ്രിഗോറിയസ് ചർച്ചിന് പത്ത് സെന്റ് സ്ഥലം പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് പഞ്ചായത്ത് വകുപ്പിനോട് പഞ്ചായത്ത്രാജ് ആക്ടിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഗ്രാമീണ വായനശാലകളിലെ പാർട്ട്ടൈം ലൈബ്രേറിയൻമാരുടെ വേതനം</u>

3488 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമീണ വായനശാലകളിലെ പാർട്ട്ടൈം ലൈബ്രേറിയൻമാരുടെ വേതനം എത്രയാണ്;

(ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് എത്ര രൂപയാണ് ശമ്പളം ലഭിക്കുന്നത്;

(സി) ഗ്രാമീണ വായനശാലകളിലെ പാർട്ട്ടൈം ലൈബ്രേറിയൻമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സി. ഡി. എസ്. അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട നടപടി</u>

3489 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി. ഡി. എസ്. അക്കൗണ്ടന്റുമാരെ പിരിച്ചുവിടുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ അക്കൗണ്ടന്റുമാരെ എന്ത് കാരണത്താലാണ് പിരിച്ചുവിടുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവരെ പിരിച്ചുവിട്ട് ഏതു തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക</u>

3490 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓരോ പഞ്ചായത്തിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് വൈകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ പി.എസ്.സി. വഴി ഡിപ്പാർട്ടുമെന്റ് ക്വാട്ട മുഖേനയുള്ള ഒഴിവുകൾ നിലവിലുണ്ടോ; ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയത് നികത്തുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

പഞ്ചായത്ത് വകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

3491 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്ത് വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

3492 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ എത്രയാണ്;

(സി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി നിയമനം നടത്തുന്നതിനുള്ള തടസ്സം എന്താണ്;

(ഡി) ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ക്ലറിക്കൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

## തൃതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ്

3493 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൃതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുറവ് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് കാരണം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയും കാലതാമസവും ഉണ്ടാകുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായ ഇതേ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ വർഷാരംഭത്തിൽ തന്നെ ഇത്തരം കുറവുകൾ പരിഹരിക്കുവാനും പദ്ധതി നിർവ്വഹണം കാലതാമസം കൂടാതെ നടപ്പിലാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സാമ്പത്തിക വർഷം അവസാനിക്കുവാൻ ചുരുങ്ങിയ സമയം മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ ആവശ്യത്തിന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം തദ്ദേശ സ്ഥാപനങ്ങളിൽ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

3494 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നടപടികളും പദ്ധതികളുമാണ് പഞ്ചായത്ത് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഐ.സി.ഡി.എസ്.കളുടെ ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കേരളസാമൂഹ്യസുരക്ഷാ മിഷൻ പദ്ധതികൾ</u>

3495 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദാംശം സഹിതം അറിയിക്കുമോ;

(ബി) ഈ സർക്കാർ പുതിയതായി എന്തെല്ലാം പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്നു; എങ്കിൽ ആയതിന്റെ വിവരങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവര്‍ത്തനം</u>

3496 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെടുകാര്യസ്ഥതയും അഴിമതിയും നിമിത്തം സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവര്‍ത്തനം അവതാളത്തിലായതായി ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്‍ഡോസള്‍ഫാന്‍ ദുരിതബാധിതരടക്കം അവശത അനുഭവിക്കുന്ന അരലക്ഷത്തോളം പേര്‍ക്കുള്ള സഹായ വിതരണം അനിശ്ചിതത്വത്തിലാണെന്നുള്ള വസ്തുത ശ്രദ്ധയില്‍പ്പെട്ടുവോ; വിശദമാക്കുമോ;

(സി) മിഷന്റെ പ്രവര്‍ത്തനത്തിനാവശ്യമായ ധനശേഖരണം നിലച്ചതായി ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മിഷന്റെ പ്രവര്‍ത്തന ഫണ്ട് ശേഖരണത്തിനുള്ള പ്രധാന ഉപാധി എന്താണ്; വ്യക്തമാക്കുമോ;

(ഇ) മിഷന്റെ പ്രവര്‍ത്തനത്തിനായി എത്ര കോടി രൂപ സമാഹരിക്കുവാന്‍ അനുമതി നല്‍കി; ആയതില്‍ 2012 ഡിസംബര്‍ 31 വരെ എന്ത് തുക സമാഹരിച്ചു; അനുമതി നല്‍കിയ തുക സമാഹരിക്കുന്നതില്‍ വീഴ്ച വന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

കേരള സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവര്‍ത്തനം

3497 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, എ. പ്രദീപ് കുമാര്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവര്‍ത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) മിഷന്‍ കാരുണ്യ പ്രവര്‍ത്തനങ്ങള്‍ക്കായി ഫണ്ട് സ്വരൂപിക്കാറുണ്ടോ; എങ്കില്‍ ഏതെല്ലാം മാര്‍ഗ്ഗങ്ങളിലൂടെയാണ് ഫണ്ട് സ്വരൂപിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) സ്ഥാപനത്തില്‍ എക്സിക്യൂട്ടീവ് ഡയറക്ടര്‍ ഇല്ലാത്തിനാല്‍ മിഷനില്‍ നിന്നുള്ള ധനസഹായവിതരണം മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കില്‍, ഇക്കാര്യത്തില്‍ എന്തു പരിഹാര നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ നിയമനം</u>

3498 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷന് പൂർണ്ണ ചുമതലയുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ നിലവിലുണ്ടോ:

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിയമാവലിയനുസരിച്ചാണോ ഇപ്പോൾ ചുമതലയുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ ചാർജ് വഹിക്കുന്നതെന്ന് പറയാമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിലെ അധ്യാപകനായ ഇപ്പോഴത്തെ ചുമതലക്കാരന് പ്രസ്തുത സ്ഥാപനത്തിന്റെ മേലധികാരിയെന്ന നിലയിൽ സമയം ക്രമീകരിച്ച് പൂർണ്ണ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ ക്ഷേമകാര്യ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ പ്രാപ്തനായ, നിയമാവലി പ്രകാരമുള്ള യോഗ്യതകളുള്ള ഉദ്യോഗസ്ഥനെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ച് സ്ഥാപനത്തെ ഗുണകരമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ചൈല്‍ഡ് വെല്‍ഫെയര്‍ കമ്മിറ്റികള്‍</u>

3499

ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ചൈല്‍ഡ് വെല്‍ഫെയര്‍ കമ്മിറ്റികള്‍ (സി. ഡബ്ല്യു. സി) നിലവിലുണ്ടോ എന്നും ഉണ്ടെങ്കില്‍ ഓരോ കമ്മിറ്റിയിലും എത്ര അംഗങ്ങള്‍ വീതമാണ് ഉണ്ടായിരിക്കേണ്ടതെന്നും അറിയിക്കുമോ;

(ബി) കാസര്‍ഗോഡ് ജില്ലയില്‍ സി. ഡബ്ല്യു. സി. യില്‍ എത്ര അംഗങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(സി) സി. ഡബ്ല്യു. സി. യിലെ അംഗങ്ങള്‍ക്ക് ഓണറേറിയം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഓണറേറിയം കുടിശ്ശിക എത്രയുണ്ടെന്നും കുടിശ്ശിക നല്‍കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) സി. ഡബ്ല്യു. സി. കളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നും എങ്കില്‍ ഇതിന്റെ പ്രവര്‍ത്തനം തൃപ്തികരമാണോ എന്നും അറിയിക്കാമോ;

(എഫ്) പ്രവര്‍ത്തനം വിലയിരുത്തിയിട്ടില്ലെങ്കില്‍ ആയത് വിലയിരുത്താനും തൃപ്തികരമല്ലെങ്കില്‍ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുട്ടികളിലെ പോഷകാഹാരക്കുറവ്</u>

3500 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ആയത് ഫലപ്രാപ്തികാണുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ഇക്കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പോഷകാഹാരകുറവുമൂലം ശിശുമരണം സംസ്ഥാനത്ത് സംഭവിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ജില്ലാടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുട്ടികളെ കാണാതാവുന്നത് തടയുന്നതിന് നടപടി</u>

3501 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാവുന്നത് വർദ്ധിച്ചുവരുന്നത് സാമൂഹ്യക്ഷേമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ശിശുക്ഷേമസമിതി ചെയർമാന് വിദ്യാർത്ഥിനികൾ നൽകിയ പരാതി</u>

3502 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കരമന ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിനികൾ ശിശുക്ഷേമ സമിതി ചെയർമാന് 01.01.2013-ന് നൽകിയ പരാതിയിൻമേൽ കുറ്റക്കാരായ അദ്ധ്യാപികമാർക്കെതിരെ സ്കൂൾ തലത്തിൽ മറ്റ് വിദ്യാർത്ഥിനികളോട് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകളുടെ പൂർണ്ണ പകർപ്പ് ലഭ്യമാക്കാമോ;

(സി) അന്വേഷണറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ടീച്ചർമാരായ ശോഭ, അനില, ദീപ, പ്രീത, വദന എന്നിവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>ചൈൽഡ് റൈറ്റ് കമ്മീഷൻ</u>

3503 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുക്കളുടെ അവകാശം സംരക്ഷിക്കുന്നതിന് ചൈൽഡ് റൈറ്റ് കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ കുട്ടികളുടെ പഠനം</u>

3504 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലെ കുട്ടികളുടെ പഠനത്തിന് വേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്ത് കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് നിലവിൽ ഒരു സഹായവും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ധനസഹായം നൽകിയും സ്പോൺസർഷിപ്പ് ഏർപ്പെടുത്തിയും അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത പഠനത്തിന് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>ജന്മനാ വൈകല്യമുള്ള കുട്ടികളുടെ ചികിത്സ, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയ്ക്കായി നടപ്പാക്കിവരുന്ന പദ്ധതികൾ</u>

3505 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജന്മനാ വൈകല്യമുള്ള കുട്ടികളുടെ ചികിത്സ, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയ്ക്കായി സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് ഏതൊക്കെ വിധത്തിലുള്ള സാമ്പത്തികസഹായത്തിനും സൗജന്യങ്ങൾക്കും അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇവരുടെ പൂർണ്ണവിവരം ശേഖരിച്ച് സൂക്ഷിക്കാനും, കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യാനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മാനസിക വെല്ലുവിളികൾ നേരിടുന്നവർ</u>

3506 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി ആജീവനാന്ത സംരക്ഷണ സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ;

(ബി) കേരളത്തിലെ സ്പെഷ്യൽ സ്ക്കുളുകളിലെ 40% ൽ കൂടുതലും 16 വയസ്സിന് മുകളിലുള്ള കുട്ടികളാണ് ഉള്ളത് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സന്നദ്ധ സംഘടനകൾ, എൻ.ജി.ഒ കൾ എന്നിവരുടെ സഹായത്തോടെ ഓരോ ജില്ലയിലും ഓരോ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള ആജീവനാന്ത സംരക്ഷണ ഭവനം (ലൈഫ് ലോംഗ് കെയർ ഹോം ഫോർ അഡൽറ്റ് മെന്റലി ചലഞ്ചഡ് പേഴ്സൺസ്) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

കറക്ടീവ് /പ്രൊട്ടക്ടീവ് സ്ഥാപനങ്ങളും
റെസ്ക്യൂ ഹോമുകളും

3507 ശ്രീ. പി. ഉബൈദുള്ള
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) നിയമപ്രകാരമുള്ള കേസ്സിൽ ശിക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ പരിവർത്തനം, പുനരധിവാസം എന്നീ കാര്യങ്ങൾക്കായി കറക്ടീവ് സ്ഥാപനങ്ങളും, സാഹചര്യങ്ങളാൽ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്നവരെ സംരക്ഷിക്കുന്നതിനായി പ്രൊട്ടക്ടീവ് സ്ഥാപനങ്ങളും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) തവനൂർ റെസ്ക്യൂ ഹോമിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) തവനൂർ റെസ്ക്യൂ ഹോം മാതൃകയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ്</u>

ഠ3508 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് നേരിട്ട് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രഫണ്ട് നിർത്തലാക്കി, വിദ്യാഭ്യാസ വകുപ്പ് മുഖേനയാക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം സ്പെഷ്യൽ സ്കൂളുകൾക്ക് എന്ത് നേട്ടമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വർഷാവസാനത്തോടെ മാത്രം ഗ്രാന്റ് ലഭിക്കുന്നതിനാൽ അദ്ധ്യയന വർഷത്തിലെ ആദ്യമാസങ്ങളിൽ അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥയാണുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തുച്ഛമായ വേതനം മാത്രം ലഭിക്കുന്ന ഈ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

മാനസിക രോഗചികിത്സക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങൾ

3509 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗചികിത്സക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ;

(ബി) മാനസികാരോഗ്യ അതോറിറ്റിയുടെ പ്രവർത്തന സംവിധാനം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ ?

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ</u>

3510 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആശ്രയ പദ്ധതി' എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രദാനം ചെയ്യുന്ന മേന്മകൾ എന്തെല്ലാമാണ്;

(സി) ആശ്രയ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പാക്കിയ പഞ്ചായത്തുകൾ എത്രത്തോളം വിജയം കൈവരിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ആശ്രയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ</u>

3511 ശ്രീ. എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ആശ്രയ ഗുണഭോക്താക്കളെ' തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആശ്രയ ഗുണഭോക്താക്കളുടെ റേഷൻകാർഡ് ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ, എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇനിയും ഉൾപ്പെടുത്താത്തവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഇ) നിശ്ചിതമാനദണ്ഡത്തിൽ ഇളവ് അനുവദിക്കാറുണ്ടോ; തികച്ചും അർഹരെന്ന് കാണുന്ന സാഹചര്യത്തിൽ അത്തരക്കാർക്ക് നിശ്ചിതമാനദണ്ഡത്തിൽ ഇളവ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

<u>സ്നേഹപൂർവ്വം പദ്ധതി</u>

3512 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കുമോ;

(ബി) ബി.പി.എൽ കാർഡുള്ള അനാഥകുട്ടികൾക്കാണോ ഈ പദ്ധതി പ്രകാരം സഹായം നൽകുക;

(സി) ബി.പി.എൽ കാർഡ് എന്നുള്ളത് മാറ്റി, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുമോ;

(ഡി) സർക്കാർ എയ്ഡഡ് സ്കൂൾ മാനദണ്ഡം നിർബന്ധമാണോ; ഇതിലും ഇളവ് അനുവദിക്കുന്നതിന് നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സ്നേഹപൂർവ്വം കിടക്ക പദ്ധതി</u>

3513 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്നേഹപൂർവ്വം കിടക്ക പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>‘ഹംഗർ ഫ്രീ സിറ്റി’ പദ്ധതി</u>

3514 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ഹംഗർ ഫ്രീ സിറ്റി’ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സിറ്റികളിലാണ് പദ്ധതി നടപ്പാക്കുന്നത്; ഈ പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവാക്കി; ശരാശരി എത്രപേർക്കാണ് ഈ പദ്ധതിയിലൂടെ ഒരുദിവസം ഭക്ഷണം നൽകുന്നത്;

(സി) ഈ പദ്ധതിയുടെ മുഴുവൻ ചെലവും സംസ്ഥാനസർക്കാർ തന്നെയാണോ വഹിക്കുന്നത്; അല്ലെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക</u>

3515 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ വിവിധ ക്ഷേമപെൻഷനുകൾ നൽകുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ മാസംതോറും നൽകുന്ന ക്ഷേമ പെൻഷനുകളിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ, ഏതൊക്കെ വിഭാഗത്തിന് നൽകുന്ന പെൻഷനിലാണ് കുടിശ്ശിക വന്നിരിക്കുന്നതെന്നും എത്ര മാസത്തെ തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

സാമൂഹ്യക്ഷേമ പെൻഷനുകൾ

3516 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾ എത്ര ഗഡു, എത്ര തുക വീതം വിതരണം ചെയ്തെന്ന് വിശദമാക്കാമോ ;

(ബി) സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഇനി വിതരണം ചെയ്യാൻ എത്ര ഗഡു എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾ</u>

3517 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകിവരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇവ ഓരോന്നും ഏത് മാസം വരെ അർഹതപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇവ ഓരോന്നിനും ഏത്ര മാസത്തെ കുടിശ്ശികയുണ്ടെന്നറിയിക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

വിധവാ പെൻഷന് അപേക്ഷ

3518 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷന് അപേക്ഷനൽകുമ്പോൾ വിധവയാണെന്ന് തെളിയിക്കാൻ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) പത്തും ഇരുപതും വർഷങ്ങൾക്കുമുമ്പ് ഭർത്താവ് മരണപ്പെട്ടത് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന വിധവകൾ, വിധവയാണെന്ന് തെളിയിക്കാൻ, ആരിൽനിന്നാണ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വിധവാ പെൻഷനുള്ള അപേക്ഷകൾ</u>

3519 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിൽ 16.03.2013 ന് 2276,2277 റസീപ്റ്റ് നമ്പർ പ്രകാരം പാത്തുമ്മ കാളന്തോടൻ, കദീജ പടലാംകുന്നൻ, എന്നീ ആളുകളിൽ നിന്നും വിധവാ പെൻഷനുള്ള അപേക്ഷകൾ ലഭിച്ചിരുന്നോ;

(ബി) എങ്കിൽ, അവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഏതു മാസം മുതലാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ചിട്ടില്ലെങ്കിൽ, എന്തുകൊണ്ടാണ് അനുവദിക്കാതിരുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ഡയാലിസിസ് ആവശ്യമായിവരുന്ന രോഗികൾക്ക് പ്രതിമാസ പെൻഷൻ</u>

3520 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് പെൻഷൻ നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ കുറവുള്ള എല്ലാ വൃക്കരോഗികൾക്കും പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ദത്തെടുക്കൽ</u>

3521 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥശിശുക്കൾ അനർഹരുടെ കൈകളിൽ എത്തിപ്പെടുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്യുംവിധം നിയമം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ;

(സി) അംഗീകൃത ദത്തെടുക്കൽകേന്ദ്രങ്ങളിൽ നിന്ന് ദത്തു നൽകിയ കുട്ടികളുടെ തുടർനിരീക്ഷണം നടത്തുന്നതിനായി സംവിധാനമൊരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഇതിന്റെ ശരിയായ നടത്തിപ്പിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ബുദ്ധിവൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ</u>

3522 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിവൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൂർണ്ണമായും ബുദ്ധി വൈകല്യമുള്ളവർക്ക് പുനരധിവാസവും ഭാഗിക ബുദ്ധി വൈകല്യമുള്ളവർക്ക് സർക്കാർ ജോലി ലഭിക്കാൻ സംവരണവും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പൂർണ്ണമായും ബുദ്ധി വൈകല്യമുള്ളവരുടെ സംരക്ഷകർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബുദ്ധി വൈകല്യമുള്ള വിദ്യാർത്ഥികളുടെ മുഴുവൻ വിദ്യാഭ്യാസച്ചെലവും ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സർക്കാർതല വൃദ്ധജന-വയോജന കേന്ദ്രങ്ങൾ</u>

3523 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വയോജന-വൃദ്ധ പരിപാലന കേന്ദ്രങ്ങളുണ്ടെന്ന്, ജില്ല തിരിച്ച്, അഡ്രസ്സ് സഹിതം നൽകുമോ;

(ബി) സംസ്ഥാന സർക്കാരിൻ കീഴിൽ വയോജന കേന്ദ്രങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ, സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

3524 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) വയോജനങ്ങൾക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) വയോജനങ്ങൾക്ക് സർവ്വീസ് ബസ്സുകളിൽ യാത്രചെയ്യുന്നതിന് ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർവ്വീസ് പെൻഷനോ മറ്റ് ക്ഷേമപെൻഷനുകളോ ലഭിക്കാത്ത എല്ലാ വയോജനങ്ങൾക്കും വരുമാനപരിധിയും എ.പി.എൽ ബി.പി.എൽ, വ്യത്യാസമില്ലാതെ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം എത്ര രൂപയാണ്; ഇതിൽ കേന്ദ്ര വിഹിതം സംസ്ഥാന വിഹിതം എന്നിവ എത്രവീതമാണെന്ന് വിശദമാക്കുമോ;

(എഫ്) വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ജി) കേന്ദ്ര സർക്കാരിന്റെ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കുവാനുള്ള പ്രായപരിധി കുറയ്ക്കാൻ നടപടി</u>

3525 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന്, അപേക്ഷിക്കുവാനുള്ള പ്രായപരിധി കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം എത്രയാണ്;

(ബി) സംസ്ഥാന സർക്കാർ അപേക്ഷകന് എത്ര വയസായി നിജപ്പെടുത്തിയിരിക്കുന്നു;

(സി) കേന്ദ്ര സർക്കാർ തീരുമാനത്തിൽ വയസ് കുറവായിരിക്കുകയും സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം വയസ് കൂടിയിരിക്കുകയും ചെയ്യുന്നത് യോഗ്യരായ ഗുണഭോക്താക്കളുടെ എണ്ണം കുറയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഇത് വഴി എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് കേരളത്തിന് നഷ്ടപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കാനുള്ള പ്രായപരിധി 60 വയസായി കുറച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്</u>

3526 ശ്രീ. ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് നടത്തുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ആധുനിക സംവിധാനങ്ങളിലൂടെയാണ് ഇവ പ്രവർത്തിക്കുന്നത് ;

(ഡി) സംസ്ഥാനത്തിന്റെ എല്ലാ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ തടയാൻ നടപടി</u>

3527 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്തീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമാ പോസ്റ്ററുകളും പരസ്യങ്ങളും മറ്റും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമാ പോസ്റ്ററുകളും, പരസ്യങ്ങളും പ്രദർശിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ശ്രുതി തരംഗം പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം

3528 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ശ്രുതി തരംഗം എന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ 10 വയസ്സിന് താഴെയുള്ള കുട്ടികളെ കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുട്ടികൾക്ക് സർജറി നടത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ശ്രുതി തരംഗം പദ്ധതി</u>

3529 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രുതി തരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പിഞ്ചുകുട്ടികളെ ശസ്ത്രക്രിയയിലൂടെ ശബ്ദത്തിന്റെ ലോകത്തിലേയ്ക്ക് കടന്നുവരുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ശ്രുതി തരംഗം എന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

3530 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ രൂപം നൽകിയ സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുളള ശ്രുതി തരംഗം എന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുട്ടികളെ സർജറിക്ക് വിധേയരാക്കുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജന്മനാ ബധിരരായ 5 വയസ് വരെ പ്രായമുളള കുട്ടികൾക്ക് ശ്രവണ സംസാര ശേഷി കൈവരിക്കുന്നതിന് ഇതേവരെ എന്ത് തുക ചെലവഴിച്ചു; ഓരോ കുട്ടിക്കും സർജറിക്ക് എത്ര തുക വീതം അനുവദിക്കുന്നു; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് തിരഞ്ഞെടുത്തി ട്ടുളളത്; വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക എപ്രകാരമാണ് സ്വരൂപിക്കുന്നത്; വിശദമാക്കുമോ?

(ഇ) ജന്മനാ ബധിരരായ 5 വയസ് വരെ പ്രായമുളള എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുളളത്; ഇതിൽ എത്ര കുട്ടികൾക്കു കൂടി ഈവർഷം ചികിത്സ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(എഫ്) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കുളള തുടർ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

3531 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി വകയിരുത്തിയ 6 കോടി രൂപയിൽ നടപ്പുവർഷം എത്രകോടി രൂപ ചെലവഴിച്ചു; പ്രസ്തുത തുക എന്തെല്ലാം പരിപാടികൾക്കാണ് ചെലവഴിച്ചതെന്ന് പറയാമോ;

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൻപ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിന് പരിശീലനം നൽകുന്നതിനായി നീക്കിവച്ച 2 കോടി രൂപയിൽ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

3532 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലേയ്ക്ക് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ എത്ര കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നൽകിയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം

3533 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചെന്ന് വ്യക്താമക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് എന്തെല്ലാം രേഖകകളാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) വിവാഹം നടന്നശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

### വികലാംഗ കോർപ്പറേഷൻ ക്ഷേമപദ്ധതികൾ

3534 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിൽ വികലാംഗക്ഷേമ കോർപ്പറേഷൻ കഴിഞ്ഞ അഞ്ചുവർഷക്കാലം വികലാംഗരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ക്ഷേമത്തിനുമായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും ഗുണഭോക്താക്കളായവരുടെ ലിസ്റ്റ് പദ്ധതി തിരിച്ച് വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നത് പദ്ധതി തിരിച്ച് പ്രതിവർഷക്കണക്കിൽ അറിയിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>വികലാംഗരെ സ്ഥിരപ്പെടുത്തുന്ന ഉത്തരവ്</u>

3535 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താല്ക്കാലിക നിയമനം ലഭിക്കുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് പിന്നീട് ഇറങ്ങുന്ന ഉത്തരവുകളിൽ മുൻ ഉത്തരവുകളിൽ ഉൾപ്പെട്ടുപോയി എന്ന ഒറ്റക്കാരണത്താൽ പിന്നീട് പരിഗണിക്കാതിരിക്കുകയും അവരെ അടുത്ത ഉത്തരവിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) ഇപ്രകാരം തുടർന്നുള്ള ലിസ്റ്റിൽ നിന്ന് വികലാംഗരെ ഒഴിവാക്കുന്നതിലൂടെ ഇവർക്കു ലഭിക്കേണ്ട പ്രൊമോഷനും മറ്റാനുകൂല്യങ്ങളും നഷ്ടപ്പെടുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്കുവേണ്ടി സർക്കാർ മാറ്റിവെയ്ക്കുന്ന ഒഴിവുകൾ മറ്റാർക്കും നൽകുന്നില്ല എന്നിരിക്കേ ഇവരെ വീണ്ടും ഉത്തരവുകളിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ആർക്കാണ് പ്രയോജനം എന്നു വ്യക്തമാക്കുമോ ;

(ഡി) വികലാംഗർക്ക് ജോലി ലഭിക്കാനും മെച്ചപ്പെട്ട ജോലികൾക്ക് സാധ്യതയുണ്ടാക്കുന്നതിനും വേണ്ടി ഒരിക്കൽ ഒരു ഉത്തരവിലൂടെ സ്ഥിരം നിയമനം ലഭിച്ചവർക്ക് തുടർന്നുള്ള ഉത്തരവിലും ഉൾപ്പെടാൻ അർഹതയുണ്ടെങ്കിൽ അപ്രകാരം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമിതരായ വികലാംഗരെ സ്ഥിരപ്പെടുത്തൽ</u>

3536

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>വികലാംഗർക്കുള്ള ത്രീവീലർ മോട്ടോർസൈക്കിളുകളുടെ വിതരണം</u>

3537 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ വികലാംഗർക്ക് ത്രീവീലർ മോട്ടോർ സൈക്കിൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ആധുനിക മോഡൽ അംഗനവാടികൾ</u>

3538 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക മോഡൽ അംഗനവാടികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയനുസരിച്ച് അംഗനവാടികളിൽ ഒരുക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശം നൽകുമോ;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>മാതൃകാ അംഗനവാടി</u>

3539 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗനവാടി സ്ഥാപിക്കാനായി നീക്കിവച്ചിട്ടുള്ള 5 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചു ;

(ബി) എത്ര നിയോജകമണ്ഡത്തിൽ മാതൃകാ അംഗൻവാടി സ്ഥാിക്കാൻ നടപടി സ്വീകരിച്ചു ; എവിടെയെല്ലാം അംഗൻവാടി സ്ഥാപിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗനവാടികൾ</u>

3540 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗനവാടികളെ മാതൃകാ അംഗനവാടികളായി തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ, എത്ര അംഗൻവാടികളെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര അംഗനവാടികളെ മാതൃകാ അംഗൻവാടികളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(സി) മാതൃകാ അംഗനവാടികളായി തെരഞ്ഞെടുത്ത അംഗനവാടികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയി അംഗനവാടികൾ</u>

3541

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, നിലവിൽ എത്ര അംഗനവാടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അംഗനവാടികൾ നിലവിൽ വന്നിട്ടുണ്ടെന്ന് അറിയിക്കാമോ; സ്വന്തമായി സ്ഥലമുള്ള അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ അംഗനവാടികൾ</u>

3542

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ അംഗനവാടികൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) അംഗനവാടി വർക്കർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും, ഇതിനുള്ള നിശ്ചിത യോഗ്യത എന്തെന്നും വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലേക്ക് താല്ക്കാലിക നിയമനം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

3543 ശ്രീ. പി. കെ. ഗുരുദാസൻ
'' എ. എം. ആരിഫ്
'' എ. പ്രദീപ് കുമാർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; മാതൃകാ അംഗനവാടിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇതിന് മാത്രമായി ബഡ്ജറ്റിൽ, തുക വകയിരുത്തുകയുണ്ടായോ; എന്തു തുക വിനിയോഗിച്ചു;

(സി) എല്ലാ മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ അംഗനവാടികളുടെ എണ്ണം</u>

3544 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അംഗനവാടികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുളള കണക്കുകൾ വ്യക്തമാക്കാമോ;

(സി) പുതുതായി അംഗവനവാടികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള അംഗനവാടികൾ</u>

3545 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള അംഗനവാടികളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത്തരം അംഗനവാടികളെ പ്രീ-പ്രൈമറിയിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശംദാംശം നൽകുമോ ;

(സി) ഉണ്ടെങ്കിൽ ഇവ പ്രീ-പ്രൈമറിയായി മാറ്റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>നാദാപുരം നിയോജക മണ്ഡലത്തിലെ അംഗനവാടികൾ</u>

3546

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ എത്ര അംഗനവാടികൾ ഉണ്ടെന്നുള്ള കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അംഗനവാടികൾക്ക് കെട്ടിടം</u>

3547 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി സ്ഥലമുള്ള എത്ര അംഗനവാടികളുണ്ടെന്നും എത്ര സ്ഥലമുണ്ടെന്നുമുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) സ്വന്തമായി സ്ഥലമുള്ള അംഗനവാടികളിൽ സ്വന്തം കെട്ടിടം ഇല്ലാത്ത എത്ര അംഗനവാടികളുണ്ട്; അവ ഏതെല്ലാമാണ്; പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അംഗനവാടികള്‍ക്ക് കെട്ടിടം</u>

3548 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് അംഗനവാടികള്‍ക്ക് കെട്ടിടം നിര്‍മ്മിക്കുന്നതിന് ധനസഹായം അനുവദിക്കാറുണ്ടോ; ഇതിനുള്ള മാനദണ്ഡം എന്താണ്;

(ബി) മാവേലിക്കര മണ്ഡലത്തില്‍ എത്ര അംഗനവാടികള്‍ക്ക് കെട്ടിടം നിര്‍മ്മിക്കുന്നതിനായി എം.എല്‍.എ. ശുപാര്‍ശ ചെയ്തിട്ടുണ്ട്; ഏതൊക്കെ; ഇതിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെ; വിശദമാക്കാമോ;

(സി) മാവേലിക്കര മണ്ഡലത്തില്‍ മാതൃകാ അംഗനവാടികള്‍ ആരംഭിക്കുന്നതിലേയ്ക്കായി എം.എല്‍.എ. കത്ത് നല്‍കിയിട്ടുണ്ടോ; ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നല്‍കിയിട്ടുണ്ടോ; മോഡല്‍ അംഗനവാടി ആരംഭിക്കുന്നതിലേയ്ക്കായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

### അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

3549 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) അംഗനവാടി ജീവനക്കാർക്ക് നൽകുന്ന പരിമിതമായ ഓണറേറിയത്തെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി വിഹിതം</u>

3550 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗനവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ അംഗനവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും എത്ര രൂപവീതമാണ് ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടത്; ഇതിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എത്ര രൂപവീതമാണ് നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്; ഇവരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; വിശദമാക്കുമോ;

(സി) അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>അംഗനവാടി വര്‍ക്കര്‍മാരുടേയും ഹെല്‍പ്പര്‍മാരുടേയും പെന്‍ഷന്‍ പദ്ധതി</u>

3551 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാര്‍ നടപ്പിലാക്കിയ അംഗന്‍വാടി വര്‍ക്കര്‍മാരുടേയും ഹെല്‍പ്പര്‍മാരുടേയും പെന്‍ഷന്‍ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കാനുള്ള നിര്‍ദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) വളരെ കുറഞ്ഞ തുക പെന്‍ഷന്‍ ലഭിക്കുന്ന പ്രസ്തുത ജീവനക്കാരുടെ പെന്‍ഷന്‍ വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. – കൾക്ക് സ്വന്തമായി കെട്ടിടം</u>

3552 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ഐ. സി. ഡി. എസ്. കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രോജക്ടിന് കീഴിൽ പുതുതായി എത്ര അംഗനവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>പയ്യന്നൂർ ഐ. സി. ഡി. എസ് പ്രോജക്ട് ഓഫീസിലെ ജീവനക്കാർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ</u>

3553 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ നിന്നും റിട്ടയർ ചെയ്ത ശേഷം മരണപ്പെട്ട ഡ്രൈവർ ശ്രീ. കെ.വി. രാഘവന്റെ വിധവ, 01.03.2002 നും 30.06.2004 നും ഇടയിൽ വിരമിച്ച ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾക്കായി അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) അപേക്ഷ പരിഗണിച്ച് ആനുകൂല്യം അനുവദിക്കാൻ കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
2013 ഫെബ്രുവരി 9

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.